# കോവിഡ് കാലത്തെ കുടുംബശ്രീ,
# മാത്തൂർ സി.ഡി .എസ്
# കുഴൽമന്ദം ബ്ലോക്ക്
# പാലക്കാട് ജില്ല

കൊറോണ വൈറസ് ബാധ നമ്മുടെ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത നാൾ മുതൽ ലോകത്തിന് മാതൃകയായ കേരളത്തിന്റെ പ്രതിരോധ - അതിജീവന മോഡലിന് കരുത്ത് പകരാൻ കുടുംബസ്ത്രീ പ്രസ്ഥാനം മുൻ നിരയിൽ തന്നെ ഉണ്ട്. കോവിഡിനെതിരെയുള്ള പ്രതിരോധ **പ്രവർത്തനങ്ങളിൽ എല്ലാം** മുൻ നിരയിൽ **തന്നെ ഉണ്ട്** മാത്തൂർ സി.ഡി.എസ്**.**

ലോക്ഡോൺ കാലഘട്ടത്തിൽ സർക്കാരിന്റെ എല്ലാ ഉദ്യമങ്ങളിലും പൂർണ്ണ സഹകരണത്തോടെ കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ ഈ സി.ഡി.എസ്സിന് കഴിഞ്ഞിട്ടുണ്ട്. പതിനാറു വാർഡുകളിലായി ഇരുന്നൂറ്റിയഞ്ച് അയൽകൂട്ടങ്ങളാണ് നിലവിൽ പ്രവർത്തിച്ചു വരുന്നത്. ഈ കോവിഡ് കാലത്ത് സി.ഡി.എസ് നടത്തിയ പ്രവർത്തനങ്ങൾ ചുവടെ വിശദീകരിക്കുന്നു.

## ബ്രേക്ക് ദ ചെയിൻ സന്ദേശം

കോവിഡ് 19 എന്ന മഹാമാരിയിൽ നിന്ന് ഏവരേയും രക്ഷിക്കാനുള്ള പ്രവർത്തനങ്ങളിൽ വ്യാപൃതമായിരിക്കുകയാണ് കേന്ദ്ര- സംസ്ഥാന സർക്കാരുകൾ . ഈ പ്രവർത്തനങ്ങൾക്കൊപ്പം കൈകോർത്തു മുന്നേറുകയാണ് കുടുംബശ്രീയും. കൈകൾ സോപ്പോ സാനിറ്റൈസറോ ഉപയോഗിച്ച് കഴുകി വൃത്തിയാക്കി വൈറസ് വ്യാപനം തടയുക എന്ന സന്ദേശം ഏവരിലേക്കും എത്തിക്കുന്നതിനായി ബ്രേക്ക് ദ ചെയിൻ ക്യാമ്പയിന്റെ സന്ദേശം താഴേത്തട്ടിലേക്ക് എത്തിക്കുകയാണ് ബോധവത്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി കുടുംബശ്രീ ആദ്യം ചെയ്തത്.

## മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ പദ്ധതി:

സി.ഡി.എസ്സിൽ ഉള്ള 205 അയൽകൂട്ടങ്ങളിൽ നിന്നും അർഹതാ മാനദണ്ഡങ്ങൾ പ്രകാരം തിരഞ്ഞെടുത്ത 126 അപേക്ഷകൾ സി.ഡി.എസ്സ് കൂടിയാലോചിച്ചു കൃത്യമായി ബാങ്കിൽ സമർപ്പിച്ചു. 13350000 രൂപയുടെ അപേക്ഷകളാണ് ബാങ്കിൽ സമർപ്പിച്ചിട്ടുള്ളത് ഇതിൽ 1579 ഗുണഭോക്താകളുണ്ട്. ഇതിൽ മുഴുവൻ അപേക്ഷകർക്കും 1579 പേർക്കായി 13350000 രൂപ ലോൺ നല്കാൻ സാധിച്ചു.



## <u>സമൂഹ അടുക്കള:</u>

ലോക്ഡൗൺ നാളുകളിൽ ആരും പട്ടിണി കിടക്കരുതെന്ന സർക്കാർ പ്രഖ്യാപനം ഉൾകൊണ്ട് വിശക്കുന്നവർക്ക് ഭക്ഷണ പൊതികൾ തയ്യാറാക്കി നല്കാൻ സി.ഡി. എസ്സും പഞ്ചായത്തും ഒരുമിച്ച് പ്രവർത്തിച്ചു. 28 മാർച്ച് 2020നാണ് സമൂഹ അടുക്കള പ്രവർത്തനം ആരംഭിച്ചത്. എല്ലാ വാർഡുകളിൽ നിന്നും അർഹത ഉള്ളവരെ കണ്ടെത്തി സന്നദ്ധ സേനയുടെ സഹായത്തോടെ ഭക്ഷണ പൊതികൾ വീട്ടിൽ എത്തിച്ച് നല്കി. ആശ്രയ ഗുണഭോക്താകൾ , അഗതികൾ , ക്വറന്റൈൻ കഴിയുന്നവർ തുടങ്ങി ഭക്ഷണത്തിന് ആവശ്യമുള്ളവർക്കെല്ലാം ഭക്ഷണ പൊതികൾ വിതരണം ചെയ്തു. ദിവസവും 150 പേർക്കാണ് മൂന്ന് നേരത്ത് ഭക്ഷണം സമൂഹ അടുക്കളയിൽ നിന്നും എത്തിച്ചു നൽകിയത്. അടുക്കളയുടെ നടത്തിപ്പിനായി പഞ്ചായത്തിൽ നിന്നും കുടുംബശ്രീയിൽ നിന്നുമുള്ള സഹായത്തിന് പുറമെ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പച്ചക്കറിയും, അരിയും പലവ്യഞ്ജനങ്ങളും സംഭാവനയായി ലഭിച്ചു.









സി.ഡി.എസ്സ് ചെയർപേഴ്സൺ ശ്രീമതി. ഷകീനയുടെ നേതൃത്വത്തിലുള്ള ജ്വാല സംഘമാണ് അടുക്കളയുടെ വിജകരമായ നടത്തിപ്പിന് പിന്നിൽ പ്രവർത്തിച്ചത്.മെയ് മാസം നാലാം തിയ്യതി വരെ അടുക്കള പ്രവർത്തിച്ചു.

## മുഖാവരണ(Mask)/തുണിസഞ്ചിനിർമാണം/ കിറ്റ് പാക്കിങ്

കോവിഡ് പ്രതിരോധത്തിൽ അത്യന്താപേക്ഷിതമായ മുഖാവരണം സംസ്ഥാനം ഒട്ടാകെ വിതരണം ചെയ്യുവാനായി വലിയതോതിൽ നിർമ്മിക്കാൻ കുടുംബശ്രീ സംസ്ഥാന മിഷൻ നിർദേശിക്കുകയുണ്ടായി.അതിനെ തുടർന്നു മാത്തൂരിൽ 10 പേരടങ്ങുന്ന ഗാർഡൻ ടൈലറിങ് യൂണിറ്റും സജീവമായി പങ്കെടുത്തു. ആരോഗ്യവകുപ്പ് ഉൾപ്പെടെ വിവിധ ഗവണ്മെന്റ് സ്ഥാപനങ്ങൾക്കും മറ്റു ഷോപ്പുകൾക്കും മാസ്ക്ക് നിർമിച്ചു നൽകി .

കൂടാതെ വിവിധ സഹായ കിറ്റുകൾ വിതരണം ചെയ്യുവാനുള്ള തുണി സഞ്ചികളും യൂണിറ്റ് തന്നെ നിർമ്മിച്ചു നല്കി വരുന്നു.



എല്ലാ റേഷൻ കാർഡ് ഉടമകൾക്കും നൽകുവാനുള്ള സൌജന്യ കിറ്റ്, സപ്ലയ്കോ വഴി തയ്യാറാക്കുന്നതിനായി 7 കുടുംബശ്രീ അംഗങ്ങൾ ഏപ്രിൽ 16 മുതൽ മെയ് 9 വരെ പാക്കിങ് പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തു.



**<u>അടുക്കളത്തോട്ടം:</u>**

ലോക്ഡൗൺ വേളയിൽ പച്ചക്കറികൾ മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കാതെ സ്വന്തമായി വീടുകളിൽ തന്നെ ഉൽപാതിപ്പിക്കാൻ മുഖ്യമന്ത്രി ആഹ്വാനം ചെയ്തിരുന്നു . അതിനെ തുടർന്നു കൃഷിഭവനിൽ നിന്നു പച്ചക്കറി വിത്തുകൾ കുടുംബശ്രീ വനിതകൾക്ക്



**<u>വയോജന സുരക്ഷ:</u>**

.അഗതി രഹിത കേരളം പദ്ധതിയുടെ ഭാഗമായി 60 വയസ്സ് പിന്നിട്ട വയോജനങ്ങളെ 3 ദിവസത്തെ ഇടവേളകളിൽ അവരെ വിളിച്ചു ക്ഷേമം അനേഷിക്കുക എന്ന ലക്ഷ്യതോടു കൂടി തുടങ്ങിയതാണ് ആശ്രയ കുടുംബാഗങ്ങളുടെ സർവ്വേ മാത്തൂർ ഗ്രാമപഞ്ചയത്തിൽ 60 വയസ് പിന്നിട്ടവർ 153 പേരായിരുന്നു .3 ദിവസത്തെ ഇടവേളകളിൽ 4 തവണ അവരെ വിളിച്ചു അവരുടെ ക്ഷേമം ഉറപ്പു വരുത്തിയത് 3 റിസോഴ്സ് പേഴ്സൺമാർ ആയിരുന്നു .ഫോൺ വിളിച്ചു അനേഷിച്ചപ്പോൾ അവരുടെ ആരോഗ്യനിലവാരം മനസിലാക്കി ആവശ്യമായ മരുന്നുകൾ ആശ മുഖേന അവരുടെ വീട്ടിൽ എത്തിക്കാൻ സാധിച്ചു .

**<u>ആശ്രയ ഭക്ഷ്യ കിറ്റ് വിതരണം</u>**

കോവിഡിന്റെ പശ്ചാത്തലത്തിൽ പഞ്ചായത്തിൽ വന്നു ഭക്ഷണ കിറ്റ് വാങ്ങിക്കാൻ കഴിയാത്ത ഈ സാഹചര്യത്തിൽ ആശ്രയ ഗുണഭോക്താൾക്കു അവർക്കു വേണ്ട ഭക്ഷണ കിറ്റ് വീട്ടിൽ എത്തിച്ചു നൽകി.

## വാർഡ് തല ജാഗ്രത കമ്മിറ്റി

കോവിഡ് 19 പ്രതിരോധ പ്രവർത്തനത്തിന്റെ മേൽ നോട്ടം വാർഡ് തലത്തിൽ വഹിക്കാൻ വേണ്ടിയാണ് വാർഡ്   ജാഗ്രത കമ്മിറ്റി രൂപീകരിച്ചത് . ആകെ  16 വാർഡുകൾ ആണ് മാത്തൂർ  പഞ്ചായത്തിൽ ഉള്ളത് . ഓരോ വാർഡ്കളിലായി ഓരോ കുടുംബശ്രീ അംഗത്തെ തിരഞ്ഞെടുത്തു  വാർഡ് തലത്തിൽ അവരുടെ പ്രവർത്തനങ്ങൾ കാര്യക്ഷേമമായി  കൊണ്ടുപോകുവാനും കൃത്യമായി മോണിറ്ററിങ് ചെയ്തും വരുന്നു .

തയ്യാറാക്കിയത്: **ഷംന. എസ്**
**കുഴൽമന്ദം ബ്ലോക്ക് കോർഡിനേറ്റർ**